പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5933 — 7.7.2014-ൽ മറുപടിക്ക്

## നഗരശുചിത്വത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ വാഹീദ്<br>,, കെ. ശിവദാസൻ നായർ<br>,, പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗര ശുചിത്വം നടപ്പാക്കാൻ പദ്ധതിരൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) നഗര പ്രദേശത്തെ പരിശുദ്ധിയും ശുചിത്വവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ; | സി) പദ്ധതികൾ എല്ലാം നടപ്പിലാക്കി വരുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ശുചിത്വമിഷനും, കെ.എസ്.യു.ഡി.പിയും, നഗരകാര്യ ഡയറക്ടറേറ്റും, പഞ്ചായത്ത് ഡയറക്ടറേറ്റും വേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി വരുന്നു. |
| ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | ഡി) നഗരശുചിത്വം നടപ്പാക്കാൻ വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. നഗര ഖരമാലിന്യ സംസ്ക്കരണത്തിനും, ഉറവിട മാലിന്യ സംസ്ക്കരണത്തിനും, ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണത്തിനും, നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിനും, നവീന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വിവിധ പദ്ധതികൾ സംസ്ഥാന പ്ലാൻ പദ്ധതികളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നു. ദ്രവമാലിന്യ സംസ്ക്കരണത്തിനായി JNNURM, UIDSSMT തുടങ്ങിയ പദ്ധതികൾ കേന്ദ്ര പദ്ധതികളായി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. നഗര പ്രദേശങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. പദ്ധതി രൂപീകരണം, നടപ്പിലാക്കൽ, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയംഭരണ തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ഇതിനായി നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ